എലിപ്പനി രോഗനിർണ്ണയത്തിന് ഐ.ജി.എം. ആന്റിബോഡി കിറ്റ് എല്ലാ എസ്.എസ്.എച്ച്. (സെന്റിനൽ സർവ്വേലൻസ് ഹോസ്പിറ്റൽസ്) ലാബുകളിലും നൽകിയിട്ടുണ്ട്. കൂടാതെ പ്രാരംഭഘട്ടത്തിൽ ഇത് കണ്ടുപിടിക്കുന്നതിന് മണ്ണുത്തി വെറ്ററിനറി ലാബിൽ പരിശോധിക്കാനുള്ള സംവിധാനവുമുണ്ട്.

(ഇ) രോഗം കണ്ടെത്തുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

വൈപ്പിൻ മുനമ്പം സർക്കാർ ആശുപത്രിയിൽ കിടത്തിച്ചികിത്സ

57 (749) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ മുനമ്പം സർക്കാർ ആശുപത്രിയിൽ കിടത്തിച്ചികിത്സാ സൗകര്യം ഉണ്ടായിരുന്നുവോയെന്നും ഇത് തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ കാരണമെന്തെന്നും വ്യക്തമാക്കാമോ ;

(ബി) നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം പ്രസ്തുത ആശുപത്രിയിൽ ലഭ്യമാണെന്നും കിടത്തിച്ചികിത്സ തുടരുന്നതിന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ടായിരുന്നു. ഒരു ഡോക്ടർമാത്രം ഉണ്ടായിരുന്ന കാലയളവിൽ കിടത്തി ചികിത്സ താത്കാലികമായി നിർത്തിവച്ചിരുന്നു. ഇപ്പോൾ കിടത്തി ചികിത്സ ലഭ്യമാണ്.

(ബി) നിലവിൽ രണ്ട് അസിസ്റ്റന്റ് സർജന്മാരുടെ സേവനം ലഭ്യമാണ്. 2-6-1961-ലെ ജി.ഒ.(ആർ.ടി.) 3150/61/ഹെൽത്ത് പ്രകാരമുള്ള സ്റ്റാഫ് പാറ്റേണിലുള്ള സ്റ്റാഫ് ഉണ്ട്. ക്ലാർക്കും ഓഫീസ് അറ്റൻഡന്റും ഇല്ല.

(സി) ഒ.പി.കളുടെ എണ്ണം കൂടുതലായതുകൊണ്ട് രണ്ട് ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ട്. അതിൽ ഒരാൾ അഡ്ഹോക്ക് നിയമനമാണ്. കാലാവധി കഴിയുന്ന 2015 ഏപ്രിലിൽ അവർ പിരിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly